## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 350 25.6.2013 -ൽ മറുപടിക്ക്

## വാണിജ്യ - വ്യാപാരസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ. നാരായണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ.എസ്. ശർമ്മ<br>ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വാണിജ്യ- വ്യാപാര സ്ഥാപനങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വാണിജ്യ നികുതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ; | (എ) ഗണ്യമായ വ്യാപാരം നടത്തുന്ന പല സ്ഥാപനങ്ങളും മൂല്യവർദ്ധിത നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാതെയും കണക്കെഴുതി സൂക്ഷിക്കാതെയും നികുതി വലയിൽ നിന്നും ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത്തരക്കാരെ നികുതിദായകരിൽ ഉൾപ്പെടുത്തുവാൻ വകുപ്പ് 2011-12-ൽ ഊർജ്ജിത രജിസ്ട്രേഷൻ യജ്ഞം നടത്തുകയുണ്ടായി. എല്ലാ ജില്ലയിലും ഉദ്യോഗസ്ഥർ സ്ട്രീറ്റ് സർവ്വേ നടത്തി കഴിയുന്നത്ര വ്യാപാരികളെ നികുതി വലയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 9091 പേർ ഇതിൻപ്രകാരം രജിസ്ട്രേഷനെടുത്തു. ഇ-ഗവേണൻസ് നിലവിൽ വന്നശേഷം രജിസ്ട്രേഷൻ പ്രക്രിയ വളരെയധികം ലളിതവത്കരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ വ്യാപാരികൾക്ക് ഓൺലൈൻ വഴി രജിസ്ട്രേഷനെടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നികുതി ഇളവുകൾ ലഭിക്കേണ്ട ഫാറങ്ങൾ ഓൺലൈൻ വഴി ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ചെറുകിട ഡീലർമാർക്ക് അനുമാന നികുതി എന്ന ലളിതമായ നികുതി സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ലളിതവത്കരിക്കപ്പെട്ട ഈ സമ്പ്രദായമനുസരിച്ച് 20 ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യാപാരികൾ അടയ്ക്കേണ്ട വാർഷിക നികുതിയുടെ നിരക്ക് 2000 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ, അനുമാന നികുതിദായകരുടെ വിറ്റുവരവു പരിധി 60 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. |

മേൽ സൂചിപ്പിച്ചിരിക്കുന്ന നടപടികൾ കൂടാതെ രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യതയുള്ള എല്ലാ ഡീലർമാരും സ്വമേധയാ രജിസ്ട്രേഷന് അപേക്ഷിക്കാനുള്ള അവസരവും 'പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം' എന്ന പദ്ധതിയിലൂടെ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 2013 ഏപ്രിൽ ഒന്നു മുതൽ 2013 സെപ്റ്റംബർ 30 വരെയാണ്. ഈ കാലയളവിൽ രജിസ്ട്രേഷൻ നടത്തുന്ന ഡീലർമാരുടെ മുൻകാല നികുതി ബാദ്ധ്യതയെപ്പറ്റി അന്വേഷണം ഉണ്ടായിരിക്കില്ല ; കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യാപാരികളെ മുൻപുള്ള നികുതിബാദ്ധ്യതയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | വാണിജ്യ- വ്യാപാരസ്ഥാപനങ്ങൾ വാണിജ്യ നികുതി വകുപ്പിൽ രജിസ്റ്റർ ചെയ്യാത്തതുമൂലം സർക്കാരിന് വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പുതുതായി വാണിജ്യസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും നികുതി വെട്ടിപ്പു തടയുന്നതിനും ഒറ്റത്തവണ പ്രോത്സാഹന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ ;<br><br>(ഡി) ഈ പദ്ധതിമൂലം എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ; | (സി) & (ഡി) | വാറ്റ് രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യതയുള്ളവർ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി 'പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം' എന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏപ്രിൽ 1, 2013 മുതൽ സെപ്റ്റംബർ 30,2013 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. ഈ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യാപാരികളെ മുൻപുള്ള നികുതി ബാദ്ധ്യതയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചില വ്യവസ്ഥകൾക്ക് വിധേയമായി, ഇവരുടെ മുൻകാല നികുതി ബാദ്ധ്യതയെപ്പറ്റി അന്വേഷണവും ഉണ്ടായിരിക്കില്ല. ഇറക്കുമതിക്കാർ, ഉത്പാദകർ, വർക്ക് കോൺട്രാക്ടർമാർ എന്നിവർക്ക് ഈ പദ്ധതി ബാധകമായിരിക്കുകയില്ല. 1.04.2013-ന് മുൻപ് ആരംഭിച്ച വകുപ്പുതല നടപടി നേരിടുന്ന ഡീലർമാർക്കും ഈ പദ്ധതി ബാധകമായിരിക്കുകയില്ല. |

| | | |
|---|---|---|
| | | മൂല്യ വർദ്ധിത നികുതി ഒരു ബഹുതല നികുതി സമ്പ്രദായമാണ്. ആദ്യഘട്ട വിൽപനയ്ക്കുശേഷം പിന്നീട് വരുന്ന ഓരോ ഘട്ടത്തിലും മൂല്യവർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് നികുതി. രജിസ്ട്രേഷനെടുക്കാൻ ബാദ്ധ്യതയുള്ളവർ രജിസ്ട്രേഷനെടുക്കാതിരിക്കുന്നതു കാരണം ആ വിൽപനയിന്മേലുള്ള മൂല്യവർദ്ധന നികുതിയിൽ നിന്നും നിയമ വിരുദ്ധമായി ഒഴിവാക്കപ്പെടുന്നു. രജിസ്ട്രേഷനെടുക്കാത്ത ഇത്തരം ഡീലർമാരെ മൊത്തവ്യാപാരികൾ, അവരുടെ കണക്കിൽപ്പെടാത്ത ചരക്കുകളുടെ വിൽപ്പനയ്ക്കുള്ള മാർഗ്ഗമായി ഉപയോഗിക്കാൻ സാദ്ധ്യതയുണ്ട്. ഇത് തടയുന്നതിനുവേണ്ടിയും നികുതി സ്രോതസ്സുകൾ വിശാലമാക്കുന്നതിനുവേണ്ടിയും ഈ പദ്ധതി പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്. |
| (ഇ) | ഈ നടപടികളിലൂടെ സംസ്ഥാനത്ത് വാണിജ്യ-വ്യാപാര മേഖലയിൽ നിന്നും ഈ വർഷം സ്വാഭാവിക വർദ്ധനയ്ക്കുപ്പുറത്ത് അധിക സമാഹരണം നടത്താമെന്ന് പ്രതീക്ഷിക്കുന്ന തുക എത്രയാണ് ? | (ഇ) ഈ വർഷം രജിസ്ട്രേഷനെടുക്കാനുള്ള വിറ്റുവരവ് പരിധി 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി ഉയർത്തുകയുണ്ടായി. എന്നാലും ഊർജ്ജിത നടപടികളിലൂടെ പരമാവധി വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതാണ്. ഈ നടപടികളിലൂടെ സംസ്ഥാനത്ത് വാണിജ്യ- വ്യാപാര മേഖലയിൽ നിന്നും 50 കോടി രൂപയുടെ അധിക വരുമാനവും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ